പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2115 — 17.12.2012 ൽ മറുപടിക്ക്

## കൈക്കൂലി വാങ്ങിയതിന് പോലീസുദ്യോഗസ്ഥർക്കെതിരെ അന്വേഷണം

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ

(എ) പാസ്പോർട്ട് കേസിൽ പിടിയിലായ പ്രവാസികളിൽ നിന്നും വൻതുക കൈക്കൂലി വാങ്ങിയെന്ന കേസിൽ മലപ്പുറം ക്രൈംഡിറ്റാച്ച്മെന്റ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) മുതൽ (ഡി) വരെ: ഈ കേസിൽ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. മോഹനൻ (2172), ശ്രീ. പത്മനാഭൻ (2803) എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരികയാണ്. ഇക്കാര്യത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ കുറ്റക്കാരെ നിശ്ചയിക്കാനായിട്ടില്ല. കൂടാതെ മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. ശ്രീ. രാധാകൃഷ്ണപിള്ളക്കെതിരെ അച്ചടക്ക നടപടി ആവശ്യപ്പെട്ടുകൊണ്ടുള്ള സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് 07.12.2012 ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ